പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1066 — 29.09.2011 - ൽ മറുപടിക്ക്

## ദേശീയപാത 47 -ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ.ബാലൻ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പുമന്ത്രി) |
| (എ) ദേശീയപാത 47 -ന്റെ വികസനവുമായി ബന്ധപ്പെട്ട് സ്ഥലവാസികൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. സ്ഥലവാസികളിൽ ഒരു വിഭാഗം സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (LA) നിശ്ചയിച്ച നഷ്ടപരിഹാരതുക കുറവാണെന്ന് കാണിച്ച് 1956 – ലെ NH Act 3G (5) വകുപ്പനുസരിച്ച് ആർബിട്രേറ്ററായ അതത് ജില്ലാ കളക്ടർമാരെ സമീപിക്കുകയും 3G (7) വകുപ്പുപ്രകാരം കൂടിയ നഷ്ടപരിഹാരതുക നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരെ നേരിൽകേട്ട് നഷ്ടപരിഹാരതുക പുനർനിശ്ചയിക്കുന്നതിനുള്ള നടപടി കളക്ടറേറ്റിൽ പുരോഗമിക്കുന്നു. ഉയർന്ന നഷ്ടപരിഹാര തുക നൽകി പരാതി തീർപ്പാക്കിയ പലരും കൂടുതൽ തുകക്കായി ജില്ലാകോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. |
| (ബി) കേരളത്തിൽ മറ്റെങ്ങും 45 മീറ്ററിൽ കൂടുതൽ ഭൂമി ഏറ്റെടുക്കാത്ത സാഹചര്യത്തിൽ വടക്കഞ്ചേരി മുതൽ മണ്ണുത്തി വരെ 60 മീറ്റർ സ്ഥലമെടുത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ; | (ബി) ദേശീയപാതയിലെ വടക്കഞ്ചേരി മുതൽ തൃശ്ശൂർ വരെയുള്ള ഭാഗത്ത് ഭാവിയിലെ ഗതാഗതത്തിരക്ക് കൂടി കണക്കിലെടുത്ത് ആറുവരിപ്പാതയായി വികസിപ്പിക്കാൻ 2005 -ൽ തന്നെ NHAI തീരുമാനിച്ചിരുന്നു. ആറുവരിപ്പാതയാക്കി വികസിപ്പിക്കാൻ 60m വീതിയിൽ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. കേരളത്തിൽ വടക്കഞ്ചേരി - തൃശ്ശൂർ പാത |

| | | | |
|---|---|---|---|
| | | | മാത്രമാണ് ആറുവരിപ്പാതയാക്കി വികസിപ്പിക്കുന്നത്. 60m വീതിയിൽ ആറുവരിപ്പാത നിർമ്മിക്കുന്നതിനുള്ള സ്ഥലമേറ്റെടുക്കൽ പൂർത്തിയായിട്ടുണ്ട്. |
| (സി) | ഒരേ സർവ്വേ നമ്പരിലുള്ള തൃശ്ശൂർ ജില്ലയിലെ വാണിയമ്പാറയിലെ നഷ്ടപരിഹാര തുകയും, പാലക്കാട് ജില്ലയിലെ വാണിയമ്പാറയിലെ നഷ്ടപരിഹാര തുകയും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ; എങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കാമോ; | (സി) | തൃശ്ശൂർ പാലക്കാട് അതിർത്തിയിലെ വാണിയമ്പാറയിൽ ഏറ്റെടുത്ത സ്ഥലം പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര വില്ലേജിലും, തൃശ്ശൂർ പീച്ചി, പാണൻഞ്ചേരി വില്ലേജിലുമായാണ് സ്ഥിതി ചെയ്യുന്നത്. പാലക്കാട് ജില്ലയിലെ ഭൂമിയുടെ കമ്പോളവില തൃശ്ശൂർ ജില്ലയെ അപേക്ഷിച്ച് കുറവാണ്. തൃശ്ശൂർ-പാലക്കാട് ജില്ലയിലെ ലാന്റ് അക്വിസിഷൻ ഉദ്യോഗസ്ഥർ അതത് പ്രമാണങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് വാല്യുവേഷൻ നടത്തിയിട്ടുള്ളത്. |
| (ഡി) | ഈ സ്ഥലത്ത് 60 മീറ്റർ വീതിയിൽ സ്ഥലമേറ്റെടുത്ത നടപടികളുടെ പുരോഗതി വിശദമാക്കാമോ? | (ഡി) | വടക്കഞ്ചേരി -തൃശ്ശൂർ പ്രദേശത്ത് 60M വീതിയിൽ സ്ഥലമേറ്റെടുക്കൽ പൂർത്തിയായിയെങ്കിലും പലരും ഭൂമി വിട്ടു നൽകിയിട്ടില്ല. നഷ്ടപരിഹാരതുക വാങ്ങിയവരിൽ 20 – 25% ആളുകൾ ഇപ്പോഴും താമസിക്കുകയോ ബിസിനസ് നടത്തുകയോ ചെയ്യുന്നു. തുടർച്ചയായുള്ള സ്ഥലം വിട്ടുകിട്ടാത്തതിനാൽ റോഡ് നിർമ്മാണ പ്രവൃത്തിയെ ബാധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**